**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : Shaji Clement)

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് – ജീവനക്കാര്യം - ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ / ഫസ്റ്റ് ഗ്രേഡ് ഓവർസീയർ (സിവിൽ) തസ്തികയിലെ നേരിട്ടുള്ള നിയമനം - ക്രമവത്ക്കരിച്ച് ഉത്തരവാകുന്നു.

പരാമർശം: 1) കേരളാ പബ്ലിക് സർവീസ് കമ്മിഷൻ, എറണാകുളം റീജിയണൽ ഓഫീസിൽ നിന്നും ലഭ്യമായ നിയമന പരിശോധന സർട്ടിഫിക്കറ്റ്.
2) ജില്ലാ പോലീസ് മേധാവിമാരുടെ വിവിധ തീയതികളിലെ അന്വേഷണ റിപ്പോർട്ട്.

**ഉത്തരവ് നമ്പർ .LSGD/PD/2500/2026-DEE1 തീയതി:29-03-2026**

കേരളാ പബ്ലിക് സർവീസ് കമ്മിഷന്റെ നിയമന ശിപാർശയുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ / ഫസ്റ്റ് ഗ്രേഡ് ഓവർസീയർ (സിവിൽ) തസ്തികയിൽ നിയമനം ലഭിച്ചിട്ടുള്ള ചുവടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ജീവനക്കാരുടെ നിയമന പരിശോധനാ നടത്തി സർവീസ് സർട്ടിഫിക്കറ്റും, ടിയാളുകൾ സർക്കാർ സർവീസിൽ ഉദ്യോഗം വഹിക്കുന്നതിന് യോഗ്യനാണ് / യോഗ്യയാണ് എന്ന പോലീസ് അന്വേഷണ റിപ്പോർട്ടും പരാമർശങ്ങൾ പ്രകാരം ലഭ്യമായിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ ചുവടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ജീവനക്കാരുടെ കേരളാ പബ്ലിക് സർവീസ് കമ്മിഷൻ മുഖാന്തിരമുള്ള ഈ വകുപ്പിലെ ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ / ഫസ്റ്റ് ഗ്രേഡ് ഓവർസീയർ (സിവിൽ) തസ്തികയിലെ നിയമനം ടി ജീവനക്കാർ പ്രസ്തുത തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ ക്രമവത്ക്കരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

| Sl No. | Name of Employee | Date of joining in Present Post | Service Regularised with effect from |
|---|---|---|---|
| 1 | Sharanya P | 30.11.2022 | 30.11.2022 |
| 2 | Reena C | 29.03.2025 | 29.03.2025 |
| 3 | Amalu Grace Lal | 11.04.2025 | 11.04.2025 |
| 4 | Anjitha M S | 28.05.2025 | 28.05.2025 |

| | | | |
|---|---|---|---|
| 5 | Nilsha Kader | 14.05.2025 | 14.05.2025 |

നിയമനം ക്രമവത്ക്കരിച്ച തീയതി മുതൽ ഈ ജീവനക്കാരുടെ നിരീക്ഷണകാലയളവ് ആരംഭിക്കുന്നതാണ്.

ബന്ധപ്പെട്ട നിയന്ത്രണാധികാരി, നിയമനം ക്രമവത്കരണവുമായി ബന്ധപ്പെട്ട് ആവശ്യമായ രേഖപ്പെടുത്തലുകൾ ഈ ജീവനക്കാരുടെ സേവനപുസ്തകത്തിൽ വരുത്തേണ്ടതും, കേരളാ പബ്ലിക് സർവീസ് കമ്മീഷന്റെ വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ്, സർവീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ അസ്സൽ (ഹോളോഗ്രാം മുദ്രയോട്ടുകൂടിയത്) സേവനപുസ്തകത്തിൽ പതിച്ച് സൂക്ഷിക്കേണ്ടതുമാണ്.

ഈ ജീവനക്കാരിലാരെങ്കിലും വകുപ്പ് വിട്ടു പോകുകയോ, സ്ഥലംമാറി പോകുകയോ ചെയ്തിട്ടുണ്ടെങ്കിൽ അത്തരം ജീവനക്കാരുടെ കേരളാ പബ്ലിക് സർവീസ് കമ്മീഷന്റെ വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ്, സർവീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ അസ്സൽ (ഹോളോഗ്രാം മുദ്രയോട്ടുകൂടിയത്), ഈ ഉത്തരവ് സഹിതം നിലവിൽ ടി ജീവനക്കാർ സേവനമനുഷ്ഠിക്കുന്ന വകുപ്പ് മേധാവി / നിയന്ത്രണാധികാരി -ക്ക് സുരക്ഷിതമാർഗേന അയച്ചു നൽകുന്നതിനുള്ള നിർദേശം അതാത് ജില്ലാ ജോയിന്റ് ഡയറക്ടർമാർ ബന്ധപ്പെട്ട നിയന്ത്രണാധികാരികൾക്ക് നൽകേണ്ടതാണ്.

Shaji Clement
ADDITIONAL DIRECTOR

ബന്ധപ്പെട്ട ജീവനക്കാർക്ക് (നിയന്ത്രണാധികാരി മുഖാന്തിരം).

പകർപ്പ് :
1. ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, ഇടുക്കി / മലപ്പുറം / കോഴിക്കോട് / കണ്ണൂർ / കാസറഗോഡ്. (കേരളാ പബ്ലിക് സർവീസ് കമ്മീഷന്റെ വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ്, സർവീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് എന്നിവയുടെ അസ്സൽ (ഹോളോഗ്രാം മുദ്രയോട്ടുകൂടിയത്) സഹിതം സുരക്ഷിത മാർഗേന).
2. ബന്ധപ്പെട്ട നിയന്ത്രണാധികാരികൾക്ക് (അതത് ജില്ലാ ജോയിന്റ് ഡയറക്ടർ മുഖാന്തിരം).
3. സൂപ്രണ്ട്, IT സെക്ഷൻ (ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
4. സൂപ്രണ്ട്, DED സെക്ഷൻ.
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

Signed by
Shaji Clement
Date: 29-03-2026 13:06:38